"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മേച്ചാൽ സി.എം.എസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി ജാക്വലിൻ കെ.ഡി. -യുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4557/2026/GEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. കോർപ്പറേറ്റ് മാനേജരുടെ 09.01.2026 തീയതിയിലെ റിവിഷൻ ഹർജി.
2. കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.02.2026-ലെ ബി1/956/2026/ഡിഡിഇകെറ്റിഎം നമ്പർ റിപ്പോർട്ട്.
3. പാല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.02.2026-ലെ ഡിഇഒപിഎൽഎ/210/2026/ബി4 നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2026 തീയതിയിലെ ഡിജിഇ/3358/2026-ഇറ്റി2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം പാല വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന മേച്ചാൽ സി.എം.എസ്.എച്ച്.എസ്.-ലെ ഫുൾ ടൈം മീനിയൽ ആയി 02/05/2024 മുതൽ 31/03/2025 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ശ്രീമതി ജാക്വലിൻ കെ.ഡി. -യുടെ നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് കോർപ്പറേറ്റ് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

2. ടി വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മേച്ചാൽ സി.എം.എസ് ഹൈസ്കൂളിലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി കുഞ്ഞുമോൾ എം.സി, 31.05.2017 ൽ വിരമിച്ച ഒഴിവിൽ ശ്രീമതി ജാക്വലിൻ കെ ഡി യെ 02/05/2024 മുതൽ 31/03/2025 വരെ, എഫ്.ടി.എം ആയി, ദിവസവേതനാടിസ്ഥാനത്തിൽ മാനേജർ നിയമിച്ചു. മേച്ചാൽ സി.എം.എസ്.എച്ച്.എസ്., പുതിയ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. മാത്രമല്ല, 2023-24, 2024-25 വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുമാണ്. ഇത്തരം സ്കൂളുകളിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം തുടർച്ചയായിട്ടാണ് നൽകേണ്ടത്. എന്നാൽ മാനേജർ, ടി നിയമനം 31/03/2025 വരെ പരിമിതപ്പെടുത്തിയാണ് നൽകിയിരുന്നത്. സംരക്ഷിത ജീവനക്കാർക്കായി മാറ്റിവെച്ചിട്ടുള്ള എഫ്.ടി.എം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി ഉത്തരവ് മാനേജർ നിയമന ഫയലിൽ ഹാജരാക്കിയിട്ടില്ല, 31.05.2017-ൽ ഉണ്ടായ വിരമിക്കൽ ഒഴിവിലെ നിയമനമായതിനാൽ ടി തസ്തികയിൽ മുൻപ് ജോലി ചെയ്തിരുന്നവരുടെ വിവരങ്ങൾ

ഫയലിൽ ലഭ്യമാക്കിയിട്ടില്ല എന്നിങ്ങനെയുള്ള തടസ്സവാദങ്ങൾ നിയമന പ്രൊപ്പോസലിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് പാലാ ജില്ലാ വിദ്യാഭ്യാസ ആഫീസർ ടി നിയമനം നിരസിച്ചു.

ടി നിരസിക്കൽ ഉത്തരവിനെതിരെ മാനേജർ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപ്പീൽ സമർപ്പിച്ചിരുന്നു. സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനു വേണ്ടി മാറ്റിവച്ചിട്ടുള്ള തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 02/06/2019 ലെ DPI/4747/2019-H2 കത്ത് പ്രകാരം, ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി ഉത്തരവ് ആവശ്യമാണ്. ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ അനുവദിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പൊതു ഉത്തരവിന് വിധേയമായി വേണം മേൽ പറഞ്ഞ അനുമതി ഉത്തരവ് നൽകേണ്ടത് എന്നും മേൽ പറഞ്ഞ കത്തിൽ നിർദേശമുണ്ട്. സംരക്ഷിത ജീവനക്കാർക്കായി മാറ്റിവച്ചിട്ടുള്ള എഫ്.ടി.എം. തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതി ഉത്തരവ് ഹാജരാക്കിയിട്ടില്ല. മാനേജർ അപ്പീൽ അപേക്ഷയിൽ പറയുന്ന പ്രകാരം എഫ്.ടി.എം. തസ്തിക സംരക്ഷിത ജീവനക്കാർക്കായി മാറ്റിവച്ചത് പിൻവലിച്ചിട്ടുണ്ടെങ്കിൽ ആയത് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും അംഗീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല, 31.05.2017 ൽ ഉണ്ടായ വിരമിക്കൽ ഒഴിവിലെ നിയമനമായതിനാൽ, ടി എഫ്.ടി.എം. തസ്തികയിൽ മുൻപ് ജോലി ചെയ്തിരുന്നവരുടെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ.ഉ.(സാധാ)നം.3405/2024/GEDN തീയതി 30-05-2024 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ഉള്ള നിയമനങ്ങൾ ഓരോ അധ്യയന വർഷത്തേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ, 2023-24, 2024-25 വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത മേച്ചാൽ സി.എം.എസ്. എച്ച്.എസ്.-ലെ 02/05/2024 തീയതിയിലെ നിയമനം അനുവദനീയമല്ല. നിയമനം 2024-25 അധ്യയന വർഷത്തേയ്ക്ക് മാത്രമാക്കി പരിമിതപ്പെടുത്തി നൽകുവാൻ മാനേജർ തയ്യാറായിട്ടുമില്ല. ഇക്കാരണങ്ങളാൽ ടി നിയമനവുമായി ബന്ധപ്പെട്ട അപ്പീൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു. തുടർന്ന് മാനേജർ റിവിഷൻ അപ്പീൽ സമർപ്പിച്ചെങ്കിലും മേൽ പരാമർശിച്ച നിരസിക്കൽ ഉത്തരവുകൾ ശരി വെച്ചുകൊണ്ട് ഉത്തരവ് നമ്പർ ET2/891301/2025 തീയതി 30/12/2025 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചു നൽകി.

മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുള്ള റിവിഷൻ അപ്പീൽ പരിശോധിച്ചതിൽ, സംരക്ഷിത ജീവനക്കാർക്കായി മാറ്റിവെച്ച FTM തസ്തിക പിൻവലിക്കുവാൻ മാനേജർ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. മാത്രമല്ല, ടി തസ്തികയിലെ ദിവസവേതന നിയമനത്തിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷയും മാനേജർ സമർപ്പിച്ചിട്ടില്ല. റിവിഷൻ ഹർജിയിൽ എഫ്.ടി.എം തസ്തിക പിൻവലിക്കാൻ ആഗ്രഹിക്കുന്നതായി പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയതിനുള്ള അപേക്ഷ, കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടില്ല. മാത്രമല്ല, ഈ അധ്യയന വർഷം എച്ച്.എസ്.ടി മാത്സ്, എഫ്.ടി.എം എന്നീ തസ്തികകൾ സംരക്ഷിത ജീവനക്കാർക്കായി മാനേജർ മാറ്റിവെക്കുകയും ആയതിൽ സംരക്ഷിതാധ്യാപകരെ ലഭ്യമാകാത്ത പക്ഷം ദിവസവേതന നിയമനത്തിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

എഫ്.ടി.എം തസ്തികയിൽ മുൻപ് ജോലി ചെയ്തിരുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മേച്ചാൽ സി.എം.എസ്.എച്ച്.എസ്. 2023-24, 2024-25 വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആണ്. മാനേജർ ടി നിയമനം 02/05/2024 മുതൽ 31/03/2025 വരെ പരിമിതപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. സ.ഉ.(സാധാ) നം.3405/2024/GEDN തീയതി 30-05-

2024 പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ഉള്ള നിയമനങ്ങൾ ഓരോ അധ്യയന വർഷത്തേയ്ക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ 02/05/2024 തീയതിയിലെ നിയമനം അനുവദനീയമല്ല. നിയമനം 2024-25 അധ്യയന വർഷത്തേയ്ക്ക് മാത്രമാക്കി പരിമിതപ്പെടുത്തിയ നിയമന ഉത്തരവ് അപ്പീലിനൊപ്പവും സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടി റിവിഷൻ അപ്പീൽ നിലവിലും പരിഗണനാർഹമല്ലെന്ന് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2025-26 അധ്യയന വർഷം, മേച്ചാൽ സി.എം.എസ്.എച്ച്.എസ്. ലെ എഫ്.ടി.എം തസ്തികയിൽ സംരക്ഷിത ജീവനക്കാരൻ ലഭ്യമല്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ അനുവാദം നൽകിയിട്ടുണ്ട്. ടി തസ്തികയിൽ 10-11-2025 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ സ്റ്റെനി ചാക്കോ -യെ മാനേജർ നിയമിച്ചിട്ടുമുണ്ട്.

ശ്രീമതി ജാക്വലിൻ കെ.ഡി.യുടെ നിയമനം നിരസിച്ചു നൽകുവാൻ ഇടയായ കാരണങ്ങളിൽ മുൻപ് ടി തസ്തികയിൽ ജോലി ചെയ്തവരുടെ വിവരങ്ങൾ മാത്രമാണ് മാനേജർ അപ്പീൽ ഫയലിൽ സമർപ്പിച്ചിട്ടുള്ളത്. മറ്റ് പ്രധാനപ്പെട്ട കാരണങ്ങൾ നിലനിൽക്കുന്നതിനാൽ ശ്രീമതി ജാക്വലിൻ കെ.ഡി.യുടെ നിയമനം പരിഗണനാർഹമല്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ശ്രീമതി ജാക്വലിൻ കെ.ഡി.-യുടെ എഫ്.ടി.എം. തസ്തികയിലെ 02/05/2024 മുതൽ 31/03/2025 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, സി.എം.എസ്.സ്കൂൾസ്, സി.എസ്.ഐ. ഈസ്റ്റ് കേരള ഡയോസിസ്, മേലുകാവുമറ്റം - 686 652.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/14/2026-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 08-07-2026 10:27:29

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.